പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2866** 02/04/2013 ൽ മറുപടിയ്ക്ക്

## ദേശീയ ഭൂരേഖാ നവീകരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | **ദേശീയ ഭൂരേഖാ നവീകരണ പദ്ധതിപ്രകാരം ഏതൊക്കെ ഭൂരേഖകൾ ആണ് ഡിജിറ്റലൈസ് ചെയ്യുന്നതെന്ന് വിവരിക്കുമോ;** | (എ) | തിരുവനന്തപുരം സെൻട്രൽ സർവ്വേ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം, നെയ്യാറ്റിൻകര, ചിറയിൻകീഴ്, നെടുമങ്ങാട് താലൂക്കുകളുടെ പഴക്കം ചെന്നതും സംരക്ഷിക്കേണ്ടതുമായ Settlement Register (54800 Pages- A3 size), Litho map (2400 -A0 size), Land Register (5000 pages- A3 size) എന്നിവയുടെ സംരക്ഷണവും ഡിജിറ്റലൈസേഷൻ സംസ്ഥാന സർക്കാർ സംരംഭമായ C-DIT മുഖേന നിർവ്വഹിക്കുന്നതിന് MoU ഒപ്പിട്ടിട്ടുള്ളതും ജോലികൾ ടി സ്ഥാപനം ആരംഭിച്ചിട്ടുള്ളതുമാണ്.<br>കൂടാതെ ടി നാല് താലൂക്കുകളുടെയും ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ ചെന്നിത്തല, തഴക്കര, ചുനക്കര, കണ്ണമംഗലം, തെക്കേക്കര എന്നീ വില്ലേജുകളുടെയും FMB കൾ, LR ബ്ലോക്ക് മാപ്പുകൾ എന്നിവ സ്കാൻ ചെയ്യുകയും Geo-referencing ചെയ്യുന്നതിന്റെ ഭാഗമായി GPS Observation നടത്തി ടി co-ordinate value കൾ പ്രകാരം Lithomap ൽ Vectorize ചെയ്ത് Digital Database തയ്യാറാക്കുന്ന ജോലികളാണ് ഭൂമികേരളത്തിന്റെ കീഴിലുള്ള സെൻട്രൽ ഡിജിറ്റൈസേഷൻ സെന്ററിൽ നടന്നു വരുന്നത്. |
| (ബി) | **ഭൂരേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് 2012-13 ബജറ്റിൽ വകയിരുത്തിയ 10 കോടി രൂപ എന്തൊക്കെ ആവശ്യത്തിനായാണ് വകയിരുത്തപ്പെട്ടിട്ടുള്ളത്; പ്രസ്തുത തുകയിൽ എത്ര ചെലവഴിച്ചുവെന്നും എന്തൊക്കെ ആവശ്യത്തിനായാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?** | (ബി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ